ഇടമലക്കുടി ആദിവാസി കോളനി ഏലം കൃഷി പദ്ധതി ക്രമക്കേടുകൾ

208 (7771) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടമലക്കുടി ആദിവാസി കോളനികളിൽ നടത്തിയ ഏലംകൃഷി പദ്ധതിയിലെ അഴിമതിക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാമാണ് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് മറ്റേതെങ്കിലും വകുപ്പിൽ ഉയർന്ന ചുമതല നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇടമലക്കുടി ആദിവാസി കോളനി ഏലംകൃഷി പദ്ധതിയുടെ കേസ്, പോലീസ് വിജിലൻസ് വിഭാഗം അന്വേഷിച്ചിട്ടുണ്ടോ ; പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ വിവരം എന്തെന്നും ഈ കേസ് വീണ്ടും വിജിലൻസ് വിഭാഗം അന്വേഷിക്കണമെന്ന വനം വകുപ്പിന്റെ ശുപാർശ വിജിലൻസ് തിരിച്ചയച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ഡി) സാമ്പത്തിക അഴിമതി അന്വേഷിച്ച് നടപടി സ്വീകരിക്കുവാനുള്ള അധികാരവും അതിനനുസരിച്ചുള്ള സംവിധാനവും വനം വകുപ്പിനുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം നിയോഗിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് പ്രകാരം ഇടമലക്കുടി ആദിവാസി കോളനികളിൽ നടത്തിയ ഏലം കൃഷി പദ്ധതിയിലെ അഴിമതിക്ക് ഉത്തരവാദികളായി കണ്ടെത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

1. ഡോ. എൻ.സി. ഇന്ദുചൂഡൻ, DFO (Rtd)
2. ശ്രീ. ജോഷി സെബാസ്റ്റ്യൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
3. ശ്രീ. വി.സി. കാർത്തികേയൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ
4. ശ്രീ. അനിൽഘോഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
5. ശ്രീ. ആർ. റോയ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ
6. ശ്രീ. ഹരികുമാരൻ നായർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ.

(ബി) മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽ ശ്രീ. എൻ.സി. ഇന്ദുചൂഡൻ വനം വകുപ്പിൽനിന്നും വിരമിച്ചതിനുശേഷം അട്ടപ്പാടിയിലെ ആദിവാസികളുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന വിവിധ ജോലികളുടെ നോഡൽ ഓഫീസറായി സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(സാ)നമ്പർ 374/2012/വനം, തീയതി 26-7-2012 പ്രകാരം നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കേസിന്മേൽ പോലീസ് വിജിലൻസ് അന്വേഷണം നടത്തിയിട്ടില്ല. സർക്കാർ കത്ത് നമ്പർ 14901/എ1/13/വനം തീയതി 27-1-2014 പ്രകാരം വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം ടി കേസ് അന്വേഷിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പ്രകാരം അന്വേഷണം നടന്നുവരുന്നു.

(ഡി) സാമ്പത്തിക അഴിമതി അന്വേഷിച്ച് നടപടി സ്വീകരിക്കുവാനുള്ള അധികാരം വനം വകുപ്പിനുണ്ട്. എന്നാൽ ക്രിമിനൽ കേസ് എടുത്ത് നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം വനം വകുപ്പിനില്ല.

ക്രിമിനൽ കേസ്സുകളിൽ പ്രതികളായ വനം വകുപ്പ് ഉദ്യോഗസ്ഥർ

209 (7772) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ക്രിമിനൽ കേസിൽ പ്രതികളായ എത്ര ജീവനക്കാരാണ് ഉള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ബി) വനം വകുപ്പിലെ ജീവനക്കാർ പ്രതികളായ ക്രിമിനൽ കേസ്സുകളിൽ വിചാരണ പൂർത്തിയാക്കി ജീവനക്കാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയ കേസ്സുകളുടെ വിവരവും ഇനിയും വിചാരണ ആരംഭിക്കാത്ത കേസ്സുകളുടെ വിവരവും വ്യക്തമാക്കുമോ ;

(സി) വനം വകുപ്പിലെ ക്രിമിനൽ കേസിൽ പ്രതികളായ ഉദ്യോഗസ്ഥരെ വിചാരണ ചെയ്യുന്നതിന് പ്രോസിക്യൂഷൻ സാങ്ഷൻ നൽകാത്തതായി ഉണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കുമോ ;

(ഡി) കുറ്റവാളികളായ ഉദ്യോഗസ്ഥരെ വിചാരണ ചെയ്യുന്നതിന് പ്രോസിക്യൂഷൻ സാങ്ഷൻ ആവശ്യമില്ലെന്ന സുപ്രീം കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതനുസരിച്ച് എന്തുനടപടികളാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളതെന്നും ഇതനുസരിച്ച് തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്ന പ്രോസിക്യൂഷൻ നടപടികൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) വനം വകുപ്പിൽ 67 ജീവനക്കാർക്കെതിരെ ക്രിമിനൽ കേസ്സുകൾ നിലവിലുണ്ട്. തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ	1
അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ	6
റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ	18
ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ	5

LIBRARY ARCHIVES Kerala Legislative Assembly